പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4648 — 20-10-2011 -ൽ മറുപടിക്ക്.

## മദ്യവില്പന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി. എ. അഹമ്മദ് കബീർ | ശ്രീ. കെ. ബാബു<br>(എക്സൈസും തുറമുഖവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് മദ്യത്തിന്റെ ഉപയോഗം നിയന്ത്രിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) ബോധവൽക്കരണ പരിപാടിയുടെ ഭാഗമായി, സെമിനാറുകൾ, സംവാദങ്ങൾ, പോസ്റ്റർ പ്രദർശനം, ഡീ-അഡിക്ഷൻ ക്യാമ്പുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ, റാലികൾ, തെരുവു നാടകം മുതലായവ നടത്തി വരുന്നു. സിനിമകളിൽ മദ്യപാന രംഗങ്ങൾ പ്രദർശിപ്പിക്കുമ്പോൾ 'മദ്യപാനം ആരോഗ്യത്തിന് ഹാനികരം' എന്ന സ്റ്റാറ്റ്യൂട്ടറി വാണിങ്ങ് പ്രദർശിപ്പിക്കും. ഓരോ അസംബ്ലി നിയോജക മണ്ഡലങ്ങൾ കേന്ദ്രീകരിച്ച്, സ്ക്കൂളുകളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) കുട്ടികൾക്ക് മദ്യം വിൽക്കുന്നതിന് നിയന്ത്രണ വ്യവസ്ഥ നിലവിലുണ്ടോ; എങ്കിൽ എത്ര വയസ്സാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | (ബി) ഉണ്ട്. 20 വയസ്സു വരെയുള്ളവർക്ക് മദ്യം വില്ക്കാൻ പാടില്ല. |
| (സി) ചില അന്യസംസ്ഥാനങ്ങളിൽ 25 വയസ്സിൽ താഴെയുള്ളവർക്ക് മദ്യം വിൽക്കാൻ പാടില്ലെന്ന നിയന്ത്രണ വ്യവസ്ഥ നിലവിലുള്ള കാര്യം അറിവുണ്ടോ; | (സി) ഇല്ല. |
| (ഡി) സംസ്ഥാനത്തും മദ്യം വാങ്ങുന്നതിന് 25 വയസ്സ് കഴിഞ്ഞിരിക്കണമെന്ന വ്യവസ്ഥ ഏർപ്പെടുത്തുകയും അതു കർശനമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുമോ? | (ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, മദ്യം വാങ്ങുന്നതിനും വിൽക്കുന്നതിനുമുള്ള പ്രായപരിധി, 18-ൽ നിന്നും 21 ആയി ഉയർത്തിയിട്ടുണ്ട്. |

സെക്ഷൻ ആഫീസർ